**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4497** **01-07-2024 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ഇ.ബി.ക്ക് കിട്ടാനുള്ള കുടിശിക**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൻ. ഷംസുദ്ദീൻ | | ശ്രീ . കെ . കൃഷ്ണൻകുട്ടി (വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കെ.എസ്.ഇ.ബി. ലിമിറ്റഡിന് 31.3.2024 വരെ കുടിശിക ഇനത്തിൽ എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ട് ; വിശദാംശം നൽകുമോ; | (എ) | 31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ 2310.69 കോടി രൂപ പിരിഞ്ഞുകിട്ടാനുണ്ട് (ഓഡിറ്റ് ചെയ്യപ്പെടാത്ത കണക്കുകൾ പ്രകാരം) തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| (ബി) | പ്രസ്തുത തുക പിരിച്ചെടുക്കുന്നതിനായി സപ്ലൈകോഡ് 2014 അനുസരിച്ച് എന്തെല്ലാം നടപടികളാണ് കുടിശിക വരുത്തിയ സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ചത്; വിശദാംശം നൽകുമോ; | (ബി) | കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി സപ്ലൈകോഡ് 2014 റഗുലേഷൻ 138, 139 പ്രകാരം കുടിശ്ശിക വരുത്തുന്ന സ്ഥാപനങ്ങൾക്ക് (കേരള വാട്ടർ അതോറിറ്റി പമ്പ് ഹൗസുകൾ, പോലീസ്, ഗവൺമെന്റ് ആശുപത്രികൾ, കൃഷിഭവൻ ഉപഭോക്താക്കൾ എന്നിവ ഒഴികെ) കുടിശ്ശിക നോട്ടീസുകൾ നൽകുകയും തുടർന്നും അടവ് വരുത്താത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വിച്ഛേദിക്കുകയും, ഡിസ്മാന്റിൽ ചെയ്ത് റവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ച് കുടിശ്ശിക പിരിച്ചെടുക്കുകയും ചെയ്തു വരുന്നു. ഇത് കൂടാതെ വൈദ്യുതി ബോർഡ് കാലാകാലങ്ങളിൽ നടപ്പിലാക്കുന്ന ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിൽകൂടിയും കുടിശ്ശിക പിരിച്ചെടുക്കാനുള്ള ശ്രമങ്ങൾ നടത്തി വരുന്നു. |
| (സി) | സംസ്ഥാനത്തെ സർക്കാർ വകുപ്പുകൾ/ പൊതുമേഖല സ്ഥാപനങ്ങൾ എന്നിവയുടെ കുടിശിക പിരിച്ചെടുക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നും പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോയെന്നും വിശദമാക്കുമോ? | (സി) | കുടിശ്ശിക വരുത്തുന്ന സർക്കാർ സ്ഥാപനങ്ങളായ ആശുപത്രികൾ, പോലീസ്, പമ്പ് ഹൗസുകൾ, കൃഷി ഭവൻ ഉപഭോക്താക്കൾ ഇവയുടെ കണക്ഷൻ വിച്ഛേദിക്കാൻ ഗവൺമെന്റ് കമ്പനിയായ വൈദ്യുതി ബോർഡ് ലിമിറ്റഡിന് സാധിക്കാത്തതിനാൽ ഇത്തരം കുടിശ്ശികകൾ സർക്കാർ ഇടപെടലിൽക്കൂടി കാലാകാലങ്ങളിൽ തീർപ്പാക്കി വരുന്നു. G.O. (Rt) No.45/2024/POWER dated 12.03.2024 പ്രകാരം കേരള വാട്ടർ അതോറിറ്റിയുടെ 31.10.2023 വരെയുള്ള വൈദ്യുതി കുടിശ്ശിക തുകയായ 2068.07 കോടി രൂപ (ഒറ്റത്തവണതീർപ്പാക്കൽ പദ്ധതി 2023 പ്രകാരമുള്ള പലിശ തുക ഉൾപ്പെടെ) 2024-25 സാമ്പത്തിക വർഷം മുതൽ 206.80 കോടി രൂപ |

| | | | |
|---|---|---|---|
| | | | വീതം പത്ത് തുല്യ വാർഷിക ഗഡുക്കളായി കെ.എസ്.ഇ.ബി. ലിമിറ്റഡിന് നൽകുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. 01.11.2023 മുതലുള്ള വാട്ടർ അതോറ്റിയുടെ വൈദ്യുതി കുടിശ്ശിക തീർപ്പാക്കുന്നതിന് Escrow account തുടങ്ങുന്നതിനായി 30.10.2023-ലെ സർക്കാർ ഉത്തരവ് പ്രകാരം അനുമതി നൽകിയിട്ടുണ്ടെങ്കിലും കേരള വാട്ടർ അതോറിറ്റി നാളിതുവരെ Escrow account ആരംഭിച്ചിട്ടില്ല.<br><br>വിവിധ സർക്കാർ വകുപ്പുകളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും വൈദ്യുതി ചാർജ് കുടിശ്ശിക തീർപ്പാക്കുന്നത് സംബന്ധിച്ച കെ.എസ്.ഇ.ബി.എൽ -ന്റെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു.<br><br>കുടിശ്ശിക പിരിച്ചെടുക്കുന്നതിലേക്കായി വൈദ്യുതി റഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ നിർദ്ദേശങ്ങൾ നൽകാറുണ്ട്. റഗുലേറ്ററി കമ്മീഷന്റെ അനുവാദത്തോടു കൂടി 20.07.2023-ലെ ബോർഡ് ഉത്തരവ് പ്രകാരം ദീർഘകാലമായി നിലവിലുള്ള കുടിശ്ശികകൾക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 20.07.2023 മുതൽ 30.12.2023 വരെയുള്ള കാലയളവിൽ നടപ്പിലാക്കുകയുണ്ടായി. ആയത് ഗവൺമെന്റ് സ്ഥാപനങ്ങൾക്ക് 31.03.2024 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ടായിരുന്നു.<br><br>സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, 25.06.22-ലെ ARR & ERC (Aggregate Revenue Requirement & Expected Revenue from Charges) ഉത്തരവിലെ നിർദ്ദേശങ്ങൾ (Directives) പ്രകാരം, സംസ്ഥാന സർക്കാർ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, മറ്റു തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുടെ മുഴുവൻ വൈദ്യുതി ചാർജ് കുടിശ്ശികയും യഥാവിധി പിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ARREAR RECOVERY TEAM രൂപീകരിച്ച് പ്രവർത്തിക്കണമെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഈ ആവശ്യത്തിലേക്കായി കെ.എസ്.ഇ.ബി.എൽ-ന്റെ ചീഫ് ഇന്റേണൽ ഓഡിറ്ററിന്റെ (CIA) കീഴിൽ അരിയർ ക്ലിയറൻസ് സെൽ പ്രവർത്തിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

31.03.2024-ലെ ത്രൈമാസ റിപ്പോർട്ട് പ്രകാരം കെ.എസ്.ഇ.ബി.ലിമിറ്റഡിന് കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള തുക

| ഇനം | തുക കോടി രൂപയിൽ |
|---|---|
| സംസ്ഥാന സർക്കാർ വകുപ്പുകൾ | 172.75 |
| സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾ (കേരള വാട്ടർ അതോറിറ്റി ഒഴികെ) | 338.71 |
| കേരള വാട്ടർ അതോറിറ്റി | 188.29 |
| കേന്ദ്രസർക്കാർ വകുപ്പുകൾ | 1.41 |
| കേന്ദ്രപൊതുമേഖലാ സ്ഥാപനങ്ങൾ | 67.39 |
| തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | 7.27 |
| പൊതു സ്ഥാപനങ്ങൾ | 70.94 |
| ഗാർഹികം | 370.86 |
| സ്വകാര്യ സ്ഥാപനങ്ങൾ | 1009.74 |
| കാപ്റ്റീവ് പവർ പ്ലാന്റ്സ് | 67.14 |
| അന്തർ സംസ്ഥാന സ്ഥാപനങ്ങൾ | 2.84 |
| ലൈസൻസി | 13.19 |
| മറ്റിനം | 0.17 |
| **ആകെ** | **2310.70** |



**സെക്ഷൻ ഓഫീസർ**